III. ശ്രദ്ധക്ഷണിക്കൽ

(1) മേപ്പയൂർ നിയോജകമണ്ഡലത്തിലെ അട്ടക്കുണ്ട്, ഗുളികപ്പുഴ എന്നീ പാലങ്ങളുടെ പണി

ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി :—സർ, ഒരു നിയോജകമണ്ഡല

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ രണ്ടു റോഡുകൾഎന്നാണ് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയം. ഇതു കൊണ്ട് നമ്മുടെ നാട്ടിലെ വികസന കാര്യത്തിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുകയില്ല. വികസിത പ്രദേശങ്ങൾക്കും അവികസിത പ്രദേശങ്ങൾക്കും രണ്ടു റോഡുകൾ മാത്രം ഉണ്ടാക്കുക എന്നുള്ള നയം ഞങ്ങൾക്ക് അംഗീകരിക്കേണ്ടി വന്നിരിക്കുന്നു. എന്റെ നിയോജകമണ്ഡലം പോലുള്ള പ്രദേശം വളരെ അവികസിതമാണ്. അവിടെ രണ്ടു റോഡുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ ഒന്ന് തീർത്തിട്ടുണ്ട്. ബഹുമാനപ്പെട്ട നഹാ സാഹിബ് അത് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇതിൽ രണ്ടിലും ഓരോ പാലങ്ങൾ ഉണ്ട്. ഈ പ്രഖ്യാപിത നയത്തിന്റെ അടിസ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി കിട്ടുക എന്നുള്ളതാണ് ജനങ്ങളും ഞങ്ങളുമെല്ലാം പ്രതീക്ഷിക്കുന്നത്. ഇപ്പോൾ ഉദ്ഘാടനം ചെയ്ത റോഡ് ഉണ്ടായിട്ടും അതിനെ മെയിൻ റോഡുമായി ലിങ്ക് ചെയ്യാൻ സാധിക്കുന്നില്ല. ഇപ്പോഴും ആ പ്രദേശത്തുള്ളവർക്ക് നഗരത്തിന്റെ ഹൃദയമാഗത്ത് വരണമെങ്കിൽ തിരുവള്ളൂർ കൂടി വടകര ചുറ്റി 28 കിലോമീറ്റർ സഞ്ചരിച്ചാലേ എത്തിച്ചേരാൻ സാധിക്കുകയുള്ളു. അതിൽ അട്ടക്കുണ്ട് എന്ന ഒരു പാലമുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയും അതിന്റെ പണിയൊക്കെ ത്വരിത ഗതിയിൽ നടക്കുന്നുണ്ടെന്ന്. അങ്ങനെ നടന്നതുകൊണ്ട് കാര്യമായില്ല. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ എത്തുമ്പോഴും കിട്ടുകയില്ല, പ്ലാനിംഗിന് എത്തുമ്പോഴും കിട്ടുകയില്ല. ഈ രണ്ടു റോഡുകൊണ്ട് ഞങ്ങളെ തൃപ്തിപ്പെടുത്തുമ്പോൾ അതു രണ്ടും ഗതാഗതയോഗ്യമാക്കി തീർത്തു തരികയെന്നുള്ള ചുമതല ഗവൺമെന്റ് ഏറ്റെടുക്കുകതന്നെ വേണം. അതിന് പണം അലോട്ട് ചെയ്തിട്ടില്ല, പ്ലാനിങ്ങിൽ താമസം അല്ലെങ്കിൽ ധനകാര്യത്തിൽ താമസം എന്നു പറയുന്നത് ശരിയല്ല. അതുകൊണ്ട് അട്ടക്കുണ്ട് പാലം പ്രാവർത്തികമാക്കാൻപ്ലാനിങ്ങിലായാലും ധനകാര്യത്തിലായാലും ഒരു തീരുമാനമെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ ഗതാഗതയോഗ്യമാക്കണം ടെൻഡർ വിളിച്ച് ഇതിന്റെ പണി വളരെവേഗത്തിൽ തുടങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്.

വേളം എന്ന പ്രദേശത്തുള്ള രണ്ടാമത്തെ പാലം എന്റെ നിയോജകമണ്ഡലത്തിലാണ്. സ്വാതന്ത്ര്യം കിട്ടിയതിന് ശേഷം ഒരിഞ്ചു പി. ഡബ്ലിയു. ഡി. റോഡു പോലും അവിടെ ഇല്ല. അവിടെ ജീപ്പിലൊക്കെ എത്തുകയെന്നുള്ളത് വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. ആലങ്കാരിക ഭാഷ എനിക്ക് അറിയാത്തതുകൊണ്ട് ഗർഭിണി കയറിയാൽ പ്രസവിക്കും എന്നൊന്നും ഞാൻ പറയുന്നില്ല. അതിന്റെ മദ്ധ്യത്തിൽ ഗുളികപ്പുഴയിൽ ഒരു പാലമുണ്ട്. ആ പാലവും ഏതാണ്ട് എനിക്ക് ഇന്നലെ മനസ്സിലാക്കാൻ കഴിഞ്ഞത് എസ്റ്റിമേറിനെപ്പറ്റി കേസുണ്ടെന്നാണ് കേസിൽ പോയിട്ട് അവിടെ കിടക്കുന്നു. ഈ രണ്ടു റോഡ് എന്നുള്ള നയം ഇല്ലായിരുന്നുവെങ്കിൽ എട്ടോ പത്തോ റോഡിന് എന്റെ നിയോജകമണ്ഡലം അർഹമാകുമായിരുന്നു ഈ രണ്ടു റോഡ് എന്നുള്ള നയം ഞങ്ങൾക്ക് അംഗീകരിക്കേണ്ടി വന്നിരിക്കുന്നു. അതുകൊണ്ട് ഒരു സാങ്കേതിക തടസ്സവും ഫിനാൻസിന്റേതായാലും പ്ലാനിങ്ങിന്റേതായാലും ഒന്നും പറയാതെ

വളരെ വേഗത്തിൽ ടെൻഡർ വിളിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ തറക്കല്ലിട്ടു തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിന് ഇന്നയിന്ന കടലാസുകൾ ഇവിടെ അയച്ചിട്ടുണ്ട്, അവിടെ അയച്ചിട്ടുണ്ട്, പോകുന്നുണ്ട് വരുന്നുണ്ട് എന്നുള്ള ഉത്തരം ദയവ് ചെയ്ത് ഇവിടെ പറയരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വളരെ വേഗത്തിൽ അതിന്റെ പ്രവർത്തി ഉദ്ഘാടനം ചെയ്യുമെന്നുള്ള മറുപടി ഞാൻ പ്രതീക്ഷിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് അവികസിത മേഖലകളിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുവാൻ എം. എൽ. എ. മാർക്ക് ഇന്ന് അനുവദിച്ച രണ്ട് റോഡുകൾ പോരാ കൂടുതൽ റോഡുകൾ വേണമെന്നാണ്. എന്തായാലും 1983-ൽ ആരംഭിച്ച രണ്ടു റോഡ് പദ്ധതിപ്രകാരമുള്ള 280 റോഡുകളുടെ പണിതന്നെ മുഴുവനായിട്ടില്ല. അത് തീർത്തതിനുശേഷമേ ഇനി കൂടുതൽ എം. എൽ. എ. റോഡുകൾ അനുവദിക്കണമോ എന്നുള്ള കാര്യം ഗവൺമെന്റിന് ആലോചിക്കാൻ സാധിക്കുകയുള്ളൂ. കുട്ടോത്ത്-അട്ടക്കുണ്ട് റോഡിനെക്കുറിച്ചും മേപ്പയൂർ റോഡിനെക്കുറിച്ചും ഇവിടെ പറഞ്ഞു. ഈ രണ്ടു റോഡുകളും മേപ്പയൂർ എം. എൽ. എ. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി അവർകളുടെ റോഡുകളാണ്. അദ്ദേഹം പറഞ്ഞതുപോലെ ഈ രണ്ടു റോഡുകളിലും ഓരോ പാലം ഉണ്ട്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും ഡിസൈനുമെല്ലാം കഴിഞ്ഞിട്ട് റോഡുവർക്ക് ആരംഭിച്ചാൽ മതിയെന്ന് തീരുമാനിച്ചിരുന്നുവെങ്കിൽ ഇന്ന് ഒരു റോഡും പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമായിരുന്നില്ല. അതുകൊണ്ട് പാലം ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള കല്പന നൽകിയതോടൊപ്പം തന്നെ റോഡിന്റെ പ്രവർത്തനം വേറെതന്നെ ആരംഭിക്കുവാൻ കല്പന നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു റോഡിന്റെ പ്രവർത്തനം പൂർത്തീകരിക്കുകയും മറേറ റോഡിന്റെ പ്രവർത്തനം പൂർത്തീകരണത്തോട് അടുത്തുകൊണ്ടിരിക്കുകയുമാണ്. ഈ രണ്ടു പാലങ്ങളുടേയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ഡിസൈൻ ഏകദേശം പൂർത്തിയാകാറായിരിക്കുകയാണ്. അതുകൊണ്ട് ഡിസൈൻ ഫൈനലൈസ് ചെയ്ത് ഈ രണ്ടുപാലത്തിന്റെയും ഡീറെയിൽഡ് എസ്റ്റിമേറുകൾ അയയ്ക്കണമെന്ന് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. അദ്ദേഹം പറഞ്ഞതുപോലെ സ്വാഭാവികമായും ഫിനാൻസിലും പ്ലാനിങ്ങിലുമെല്ലാം അൽപം താമസമുണ്ടാകാറുണ്ടെങ്കിലും ഈ രണ്ടു പാലത്തിന്റെയും ഫയൽ ഈ ഏജൻസികളിൽ എത്താത്തതുകൊണ്ട് അവിടെ താമസമുണ്ടായി എന്നു പറയാറായിട്ടില്ല. എന്തായാലും ഫൈനൽ ഡിസൈനും അതോടൊപ്പം ഡീറെയിൽഡ് എസ്റ്റിമേറും കിട്ടിക്കഴിഞ്ഞാൽ ഉടനെ പാലത്തിന്റെ മറ്റു പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാം. അത് എന്നു കല്പിടാൻ സാധിക്കും, ആര് കല്പിടും, എന്നൊക്കെ ഇപ്പോഴം പറയാൻ സാധിക്കുകയില്ല. എന്തായാലും കഴിയുന്നതും വേഗം അതിന്റെ പ്രവർത്തനം ആരംഭിക്കാൻ പരിശ്രമിക്കുന്നതാണെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

ശ്രീ. എം. എം. ഹസ്സൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. കാളിംഗ് അറന്റൻഷനു വിളിക്കുമ്പോഴം ആളു സ്ഥലത്തില്ലാതിരുന്നാൽ സാധാരണഗതിയിൽ അത് ലാപ്സാകുകയാണ് പതിവ്. വീണ്ടും വിളിക്കുന്നത് ഓഡറിലാണോ സർ ?.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ മുമ്പും ഇതേപോലുള്ള സമ്പ്രദായം ഉണ്ട്. അതുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതിൻ തെറ്റൊന്നുമില്ല

LIBRARY ARCHIVES Kerala Legislative Assembly